ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : പേരാമ്പ്ര ചെമ്പ്രറോഡ് 1960-61-ൽ പി. ഡബ്ലിയു. ഡി. ഏറ്റം ചെയ്തതാണ്. അതിനുശേഷം ഇതുവരെയായി ആ റോഡിൽ യാതൊരു മെയിൻറനൻസു വക്കും നടത്തിയിട്ടില്ല. അതുകൊണ്ട് ഇനിയെങ്കിലും ഒട്ടും വൈകാതെ ആ റോഡിന്റെ മെയിൻറനൻസു വക്ക് പഞ്ചായത്തിനെക്കൊണ്ടോ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിനെക്കൊണ്ടോ നടത്തിപ്പിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : പഞ്ചായത്തു റോഡാണെങ്കിൽ സാധാരണ ഗതിയിൽ മെയിൻറനൻസു ചെയ്യേണ്ടതു പഞ്ചായത്താണ്. പി. ഡബ്ലിയു. ഡി. വക റോഡാണെങ്കിൽ ഡിപ്പാർട്ടുമെൻറു ധനസ്ഥിതിയനുസരിച്ച് മെയിൻറനൻസു നടത്തുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : രണ്ടു ദിവസങ്ങൾക്കു മുൻപു ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു മറുപടിയിൽ കോഴിക്കോടു ജില്ലയിൽ ഏഴു പാലങ്ങളുടെ പണി പൂർത്തിയാകാതെ കിടപ്പുണ്ടെന്നു പറഞ്ഞു. ഈ ഏഴു പാലങ്ങളുടേയും പണി പൂർത്തിയാകാത്തതിനു കാരണം അപ്രോച്ചുറോഡുകളുടെ പണി തുടങ്ങാത്തതാണെന്നു പറയുകയുണ്ടായി. ഉദാഹരണമായി ഇടക്കര മുതലായ പാലങ്ങളുടെ കാര്യത്തിൽ അപ്രോച്ചുറോഡു നിർമ്മിക്കാത്തതുകൊണ്ടാണു് ഇതു തുറന്നുകൊടുക്കാൻ കാലതാമസമുണ്ടാകുന്നതു് എന്നുള്ളതു പരിഗണിച്ചു ഈ അപ്രോച്ചു റോഡിന്റെ പണികളും തുടങ്ങുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയുള്ള പല കേസുകളിലും ഭൂമി കിട്ടുന്നതിനുള്ള താമസം കൊണ്ടാണ് അപ്രോച്ചുറോഡു പണിയുണ്ടതിനു കാലതാമസമുണ്ടാകുന്നതു്. കഴിയുന്നത്ര വേഗത്തിൽ അത്തരം പ്രവൃത്തികളും തീർത്തുകൊണ്ടുപോകുന്നതിനു ഗവണ്മെൻറു വേണ്ട നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഭൂമി കിട്ടുന്നതിനു പ്രയാസമൊന്നുമില്ല. സ്ഥലം ഉണ്ടുതാനും. ടെണ്ടർവിളിച്ചു വർക്കുകളും കൊടുക്കാൻ കാലതാമസം വരുന്നതാണ് ഇതിനു പ്രധാന കാരണം എന്നുള്ളതിനെ പരിഗണിച്ചു അതൊന്നു പരിശോധിച്ചു ഈ മഴക്കു മുൻപുതന്നെ അപ്രോച്ചുറോഡുകളും നിർമ്മിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ ;

ശ്രീ. പി. പി. ഉമ്മർകോയ : പ്രത്യേകമായി ചോദിച്ചാൽ അതേപ്പറ്റി അന്വേഷിക്കാം.

ഗവണ്മെൻറുവക കരിങ്കൽ ക്വാറികൾ

* 367. [27] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുവക എത്ര കരിങ്കൽ ക്വാറികൾ സ്റ്റേറിലുണ്ട് ;

(ബി) കണ്ണയന്നൂർ താലൂക്കിൽപ്പെട്ട വെണ്ണലക്വാറി കണ്ണയന്നൂർ താലൂക്ക് കരിങ്കൽ തൊഴിലാളിയൂണിയനു് കല്ലു പൊട്ടിച്ചെടുക്കുവാൻ അനുവദിച്ചുകൊടുത്തതു് എന്നു മുതൽക്കാണ് ;

(സി) ഈ അനുവാദം ഏതു വ്യവസ്ഥയിലാണു നൽകിയതു് ;

(ഡി) പൊട്ടിച്ചെടുക്കുന്ന കല്ലു് യഥാസമയം തിട്ടപ്പെടുത്താൻ ഏതെങ്കിലും ഏർപ്പാടുണ്ടോ ; ആരെയാണ് ഇതിനു ചുമതലപ്പെടുത്തിയിട്ടുള്ളതു് ;

(ഈ) പണി ആരംഭിച്ചതു മുതൽ എത്ര യൂണിറ്റു കല്ലു പൊട്ടിച്ചെടുത്തുവെന്നും അതിന്റെ വിഹിതമായി എത്രതുക ഗവണ്മെൻറിലേക്കു ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 293 കാറിങ്കം പി. ഡബ്ലിയു. ഡി. (ബിൽഡിംഗ്സ് ആൻറ് റോഡ്സ്)യുടെ അധീനതയിലുണ്ട്.

(ബി) 22-3-1958 മുതൽ.

(സി) സീനിയറേജ് റേറ്റ് ഒരു യൂണിറ്റിനു 3 രൂപ 75 നയാ പൈസ നിരക്കിൽ ഫീസടക്കുന്നതിനും ദിവസത്തൊന്നിനു 50 യൂണിറ്റിൽ കവിയാതെ മാത്രം കരിങ്കൽ പൊട്ടിക്കുന്നതിനുള്ള വ്യവസ്ഥയിലായിരുന്നു. എന്നാൽ പിന്നീട് 7-4-1958-ലെ ഗവണ്മെൻറുത്തരവുപ്രകാരം യൂണിറ്റിനു 1 രൂപ 25 നയാപൈസ നിരക്കിൽ ഫീസടച്ചാൽ മതിയെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഇടപ്പള്ളി തെക്കുംഭാഗം വില്ലേജാഫീസറെയാണു ഈ കാര്യത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ളതു.

(ഈ) ആകെ 2554 യൂണിറ്റ് കല്ലു പൊട്ടിച്ചു എടുത്തിട്ടുണ്ട്. 3192 രൂപ 50 നയാപൈസ ഫീസിനത്തിൽ സർക്കാരിലേക്കു കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : യൂണിറ്റിനു മൂന്നു രൂപ നിരക്കിലാണു ആദ്യം കരിങ്കല്ലു പൊട്ടിച്ചതെന്നു പറഞ്ഞു. രണ്ടായിരത്തിൽപ്പരം യൂണിറ്റു കരിങ്കല്ലുപൊടിച്ചുവെങ്കിലും മൂവായിരത്തിൽപ്പരം രൂപ മാത്രമേ ഗവണ്മെൻറിനു കിട്ടിയിട്ടുള്ളു എന്നും പറഞ്ഞു. യൂണിറ്റിനു ഒരു രൂപ ആക്കുന്നതിനു മുൻപു് ഇത്ര കല്ലു പൊട്ടിച്ചിട്ടും ഗവണ്മെൻറിനു കിട്ടേണ്ട വിഹിതം കിട്ടിയിട്ടുണ്ടോ? ഗവണ്മെൻറിനു കിട്ടേണ്ട വിഹിതം എത്രയാണെന്നു വ്യക്തമാക്കുമോ ? ഈ കണക്കനുസരിച്ചു ഗവണ്മെൻറിനു കിട്ടേണ്ട വിഹിതത്തിൽ വളരെ കുറച്ചു തുക മാത്രമേ കിട്ടിയിട്ടുള്ള. അതേ സംബന്ധിച്ചുള്ള നില വ്യക്തമാക്കുമോ?

ശ്രീ. ആർ. ശങ്കർ : വ്യക്തമായ കണക്കു എൻറെ കൈവശമില്ല. വളരെ കുറച്ചു മാത്രമേ ആ രൂപത്തിൽ ഈടാക്കിയിട്ടുള്ള എന്നാണു കാണുന്നതു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബാക്കി തുക ഈടാക്കുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഇതിൻറെ കണക്കുകൊടുത്തതന്നെ യഥാകാലം, അതായതു ഉടച്ചെടുക്കുന്ന കരിങ്കല്ലിൻറെ കണക്കു വില്ലേജാഫീസിൽ കൊടുത്തിട്ടില്ലെന്നും. അങ്ങിനെ കൊടുക്കാത്തതിൻറെ ഫലമായി ഉടച്ചെടുത്തതിൻറെ വിഹിതം ഗവണ്മെൻറിനു കിട്ടിയിട്ടില്ല എന്നുമുള്ള വിവരത്തെ സംബന്ധിച്ചു അന്വേഷിച്ചു ആവശ്യമായ നടപടി സ്വീകരിക്കുമോ :

ശ്രീ. ആർ. ശങ്കർ : അങ്ങനെ പരാതി കിട്ടിയിട്ടില്ല. പരാതി കിട്ടുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം:

ഇറിഗേഷൻ ജോലികൾ.

* 368. [29] ശ്രീ. ആർ. സുഗതൻ: * താഴെ കാണുന്ന ചോദ്യങ്ങൾക്കു ക്ഷിപ്രവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുതും ഇടത്തരവുമായ എത്ര ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ ഇപ്പോൾ എത്ര ലിഫ്റ്റു ഇറിഗേഷൻ ജോലികളും, മീഡിയം ഇറിഗേഷൻ ജോലികളും നടന്നുകൊണ്ടിരിക്കുന്നു ;

(സി) ചെങ്ങന്നൂർ ഇറിഗേഷൻ ഡിവിഷനിലെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പരിമലയിലെ ലിഫ്റ്റു ഇറിഗേഷൻ—തിരുപ്പുഴത്തോടു എന്നിവയുടെ ജോലികൾ എന്നാരംഭിക്കും?

---

* Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly